**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3956** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികളാണ് പുതുതായി രജിസ്റ്റർ ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കി വരുന്നുണ്ട്. ഇത് പ്രകാരം സംസ്ഥാനത്ത് വിവിധ ശ്രേണികളിൽ പ്രവർത്തിക്കുന്ന കാൻസർ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലായി തരം തിരിച്ച് സേവനങ്ങൾ നൽകി വരുന്നു.<br><br>സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് മുൻകൂർ രോഗ നിർണ്ണയ ക്ലിനിക്കുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത് കൂടാതെ ഹബ്ബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബ് പരിശോധനാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കും ഉള്ള പരിശീലനം ആർസിസിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയിൽ ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ഈ രോഗത്തെ തടയുന്നതിനായി | (ബി) | കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന |

| | | | |
|---|---|---|---|
| | കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; | | വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കി വരുന്നുണ്ട്. ഇത് പ്രകാരം സംസ്ഥാനത്ത് വിവിധ ശ്രേണികളിൽ പ്രവർത്തിക്കുന്ന കാൻസർ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലായി തരം തിരിച്ച് സേവനങ്ങൾ നൽകി വരുന്നു.<br><br>സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് മുൻകൂർ രോഗ നിർണ്ണയ ക്ലിനിക്കുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത് കൂടാതെ ഹബ്ബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബ് പരിശോധനാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കും ഉള്ള പരിശീലനം ആർസിസിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയിൽ ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ മന്ത്രി ചെയർമാനായുള്ള കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ, ആരോഗ്യ/ ആരോഗ്യ വിദ്യാഭ്യാസ/ ആയുഷ്, ഹോമിയോ വകുപ്പ് ഡയറക്ടർമാർ, മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി വിഭാഗം മേധാവികൾ, സ്വകാര്യ കാൻസർ സെന്ററുകളുടെ തലവന്മാർ/ മെഡിക്കൽ ഡയറക്ടർ എന്നിവർ മെമ്പർമാരും ആയുള്ള കാൻസർ ബോർഡാണ് രൂപീകരിക്കപ്പെട്ടിരിക്കുന്നത്. കാൻസർ പ്രതിരോധം, ബോധവൽക്കരണം, നിയന്ത്രണം എന്നിവയെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കുകയും സംസ്ഥാന വ്യാപകമായി കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും ഒരു SOP |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയുമാണ് ടി ബോർഡിന്റെ പ്രധാന ലക്ഷ്യം. |
| (ഡി) | നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയുടെ നൂതന സംവിധാനങ്ങൾ റേഡിയോ തെറാപ്പി വിഭാഗത്തിൽ ഒരുക്കിയിട്ടുണ്ട്. കൃത്യവും സമഗ്രവുമായ കാൻസർ ചികിത്സയ്ക്കായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.<br><br>2021- ൽ റേഡിയേഷൻ മെഷീൻ (ടെലികൊബാൾട്ട് മെഷീൻ) പ്രവർത്തനമാരംഭിച്ചു. 2022 ഫെബ്രുവരിയിൽ ലീനിയർ ആക്സിലറേറ്റർ BAARC നിന്നും ലൈസൻസി ലഭിച്ചു.<br><br>പുതിയ CT Stimulator ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന അതിനൂതന ഉപകരണമായ പെറ്റ് സി.റ്റി സ്കാനർ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിന് 15 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ എല്ലാ സർജറി വിഭാഗത്തിലും കാൻസർ സർജറി നടക്കുന്നുണ്ട്. സർജിക്കൽ ഓങ്കോളജി വിഭാഗവും തുടങ്ങിയിട്ടുണ്ട്. ഐ.സിയു. നവീകരണം, വാർഡുകളുടെ പുനരുദ്ധാരണം മുതലായവ ഈ കാലയളവിൽ സാധ്യമായിട്ടുണ്ട്. 11.5 കോടി രൂപ ചിലവിൽ ആധുനിക രീതിയിലുള്ള രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ പ്രവർത്തന സജ്ജമാക്കുകയുണ്ടായി. കൂടാതെ Tertiary Inpatient palliative care, CT Simulator എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഓങ്കോളജി വിഭാഗത്തിൽ ആധുനികമായ LINAC/ Machine, കൊബാൾട്ട് മെഷീൻ എന്നിവ ഉപയോഗിച്ചുള്ള ചികിത്സ നൽകി വരുന്നു. കൂടാതെ TPS Brachytherapy സൗജന്യമായി രോഗികൾക്ക് നൽകി വരുന്നു.<br><br>ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ അർബുദ ചികിത്സ രംഗത്തെ അത്യാധുനിക ഉപകരണങ്ങളായ ലീനിയർ ആക്സിലേറ്റർ, സി.റ്റി. സിമുലേറ്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. |

മിനി ആർ.സി.സി മാതൃകയിലുള്ള ഒരു ഓങ്കോളജി ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 3.2 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുള്ളതും ഇത് ഉപയോഗിച്ച് പ്രസ്തുത കെട്ടിടത്തിനാവശ്യമായ നിലം ഒരുക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അർബുദ ചികിത്സയ്ക്കുവേണ്ടി ഹെമറ്റോ ഓങ്കോളജി യൂണിറ്റ് അനുവദിച്ച് പ്രാവർത്തികമായി വരികയാണ്. SBRT, SRS എന്നിവ ഉപയോഗിച്ചുള്ള ചികിത്സകളും ടെർഷ്യറി കാൻസർ സെന്ററും പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗം കണ്ടെത്തുന്നതിനായി ക്ലിനിക്കൽ എക്സാമിനേഷനുകളായ FNAC, PAPSMEAR, Biopsy, Ultra Sound, CT, MRI സ്കാനിംഗുകൾ നടത്തി വരുന്നു. കൂടാതെ 1 കോടി 69 ലക്ഷം രൂപ ചെലവിൽ സ്തനാർബുദ പ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പിയിലെ അതിനൂതന സംവിധാനമായ ലിനാക്ക് മെഷീൻ സ്ഥാപിച്ചു. നൂതനരീതിയിലുള്ള റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്നതിനായി കൊബാൾട്ട് മെഷീൻ പ്രവർത്തിച്ചുവരുന്നു.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ കിഫ്ബിയിൽ നിന്നും 380 കോടിയോളം മുതൽ മുടക്കിൽ നിർമ്മാണം പുരോഗമിക്കുന്ന കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടം എല്ലാവിധ അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടും കൂടെ നവംബർ 2023 ൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസർ നിയന്ത്രണത്തിന് ജില്ലാ കാൻസർ നിയന്ത്രണ പദ്ധതി ഓരോ ജില്ലയിലും നടപ്പിലാക്കി വരികയാണ്. ഇത് കൂടാതെ ഹബ്ബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബ് പരിശോധനാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട് . ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കും ഉള്ള പരിശീലനം ആർസിസിയിലെ കമ്മ്യൂണിറ്റി ഓങ്കോളജി

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആർ.സി.സിയുടെ പുലയനാർകോട്ട ക്യാമ്പസ് നവീകരിച്ച് കൊണ്ടിരിക്കുന്നു. റോബോട്ടിക് സർജറി ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ, ന്യൂക്ലിയാർ മെഡിസിൻ തുടങ്ങി ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന 170 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന 14 നില കാൻസർ ചികിത്സാ സമുച്ചയം പണി പൂർത്തീകരിച്ച് ഈ വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഗാലിയം ജനറേറ്റർ ലൂട്ടീഷ്യം ട്രീറ്റ്മെന്റ് ഫെസിലിറ്റി എന്നിവ നിലവിൽ വന്നു. പ്രോസ്റ്റേറ്റ് ബ്രാക്കി തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 20 കോടി രൂപ ചെലവിൽ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ലിനാക്ക് മെഷീൻ സ്ഥാപിച്ചു.<br><br>സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.118/2022/ ആ.കുവ പ്രകാരം മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജിക്കൽ സയൻസസ് & റിസർച്ച് എന്ന് പുനർനാമകരണം ചെയ്യുകയും ഇതിനായുള്ള അടിസ്ഥാന വികസന സൗകര്യത്തിനായി റേഡിയോ തെറാപ്പി ബ്ലോക്കിന്റെ നിർമ്മാണം, ഒ.പി നവീകരണം, പ്രധാന ബ്ലോക്കിന്റെ നിർമ്മാണം, ഗസ്റ്റ് ഹൗസ് എന്നീ പ്രോജക്ടുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂറോ സർജിക്കൽ ഓങ്കോളജി, ഒക്കുലാർ ഓങ്കോളജി എന്നീ വിഭാഗങ്ങൾ നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ